## 154

വാഴ്ത്തിടുക ദിനം വാഴ്ത്തിടുക
യേശുനാഥനെ വാഴ്ത്തിടുക
ക്രൂശിലൂടെ ക്രൂശിലൂടെ ജീവൻ തന്നു പ്രാണനാഥൻ

1 പാപിയും ദ്രോഹിയും നീചനുമാമെന്റെ
പാപങ്ങൾ പോക്കി പാവനനാക്കാൻ
ഉന്നതം വെടിഞ്ഞു മന്നിതിൽ വന്നു
പാപം പേറി ക്രൂശിൽ മരിച്ചു-

2 ലോകവും ജഡവും പിശാചുമാം വൈരികൾ
ആകവേ എന്നെ താളടിയാക്കാൻ
ആവുന്നത്രയും ശ്രമം തുടരുമ്പോൾ
ആലംബമേകി പാലിച്ചിടുന്നു.

3 വാത്സല്യമേറും ആത്മ മണാളൻ
വന്നിടും വേഗം മേഘത്തേരിൽ
കണ്ണീർ തുടച്ചിടും മാർവ്വോടണച്ചിടും
കാലങ്ങളെന്യേ വാഴും മഹസ്സിൽ- **E.K.G.**